# വിശ്വാസപരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).

## 1. ആസ്പെക്ട് പരീക്ഷ... നന്ദി

"വിശ്വാസവഴിയിലെ സംശയങ്ങൾ" എന്ന പുസ്തകത്തെ ആസ്പദമാക്കി മാർച്ച് 01 ഞായറാഴ്ച നടത്തിയ പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും പ്രബന്ധം എഴുതിയവർക്കും പരീക്ഷ നടത്തുവാൻ സഹകരിച്ചവർക്കും ഹൃദയം നിറഞ്ഞ നന്ദി.

## 2. സഭാവിജ്ഞാനീയ ക്വിസ്സ്

'വിശ്വാസവഴിയിലെ സംശയങ്ങൾ' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് മെയ് മാസത്തിലായിരിക്കും നടത്തുക. തീയതി മെയ് മാസത്തിലെ ഗിരിദീപത്തിൽ നൽകുന്നതാണ്.

## 3. അതിരൂപതാ സന്ദർശകരുടെ സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മെയ് മാസത്തിലായിരിക്കും നടത്തുക. തീയതി പിന്നീട് അറിയിക്കുന്നതാണ്.

## 4. അവധിക്കാല വേദപാഠം

നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമായി സന്ദേശഭവനിൽ വച്ച് ഏപ്രിൽ 20 മുതൽ 24 വരെ നടത്താൻ നിശ്ചയിച്ചിരുന്ന അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ മാറ്റിവച്ചരിക്കുന്നു. സാഹചര്യം അനുകൂലമായാൽ മെയ് മാസത്തിൽ ക്ലാസ്സുകൾ നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 5. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

### സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 75% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവ

രായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജ സ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷ മായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരി യച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീ സിൽ ലഭിച്ചിരിക്കണം.

## 6. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാ പനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-നുമുമ്പ് ഓഫീസിലേക്ക് അയ ച്ചുതരേണ്ടതാണ്.

## 7. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേസ്കൂ ളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാ ക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 8. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## 9. ഏറ്റവും നല്ല വിശ്വാസപരിശീലകനുള്ള സുവർണ്ണജൂബിലി മെമ്മോറിയൽ അവാർഡ്

സംസ്ഥാനത്തെ ഏറ്റവും നല്ല വിശ്വാസപരിശീലകനുവേണ്ടി 2000-ൽ A.K.C.C. ഏർപ്പെടുത്തിയ M.O. ജോൺ ഓലിക്കൽ മെമ്മോറിയൽ അവാർഡ് ആദ്യമായി കരസ്ഥമാക്കുകയും രണ്ടായിരത്തിരണ്ടിൽ മതാധ്യാപക നായതിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുകയും ചെയ്ത **ശ്രീ. അഗസ്റ്റിൻ ഇല്ലിക്കൽ** ഓരോ വർഷവും അതിരൂപതയിലെ ഏറ്റവും നല്ല ഒരു വിശ്വാസ പരിശീലകനെ/വിശ്വാസപരിശീലകയെ തിരഞ്ഞെടുത്ത് ആദരിക്കാൻ വേണ്ടി ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തിയിരിക്കുന്നു (വിശ്വാസപരിശീലകനെ/ വിശ്വാസപരിശീലകയെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കായി മാർച്ച് മാസത്തെ ഗിരിദീപം കാണുക).

## 10. രജതജൂബിലി ആഘോഷിക്കുന്ന വിശ്വാസപരിശീലകർക്കുള്ള അവാർഡ്

2018 ഡിസംബർ 20-ന് പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ ജൂബിലി ആഘോഷിച്ച റവ. ഡോ. ജോസ് ജേക്കബ് നെടുംതകിടി സുവർണ്ണ ജൂബിലിയുടെ ഓർമ്മ നിലനിർത്താൻവേണ്ടി അതിരൂപതയിൽ വിശ്വാസപ രിശീലന മേഖലയിൽ 25 വർഷങ്ങൾ പൂർത്തിയാക്കിയ ഏറ്റവും നല്ല വിശ്വാ സപരിശീലകന്/വിശ്വാസപരിശീലകയ്ക്ക് അവാർഡ് ഏർപ്പെടുത്തിയിരി ക്കുന്നു (വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ തിരഞ്ഞെടുക്കുന്ന തിനുള്ള മാനദണ്ഡങ്ങൾക്കായി മാർച്ച് മാസത്തെ ഗിരിദീപം കാണുക).

## 11. Power Point Presentation മത്സരം

വിശ്വാസപരിശീലന ക്ലാസുകൾ കാലഘട്ടത്തിനനുസരിച്ച് മാധ്യമ സഹാ യത്തോടെ കൂടുതൽ ആകർഷകവും സജീവവുമാക്കുന്നതിനുവേണ്ടി 'Power Point Presentation' മത്സരം നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ അവസരം പ്രയോജനപ്പെടുത്തി എല്ലാ ക്ലാസുകളുടെയും Power Point നിർമ്മിക്കുവാനും അതുവഴി ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ കൂടുതൽ സജീ വമാക്കുവാനും ശ്രദ്ധിക്കുമല്ലോ. **ഒരു ക്ലാസിലെ മുഴുവൻ പാഠങ്ങളുടെയും Power Point തയ്യാറാക്കിയവർക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.** മത്സരത്തിന്റെ നിബന്ധനകൾ അടങ്ങിയ കത്ത് ക്രിസ്തുമസ് പരീക്ഷയുടെ ചോദ്യപേപ്പറിനൊപ്പം ബഹു. വികാരിയച്ചനും ഹെഡ്മാസ്റ്ററിനും നൽകി യിരുന്നു. സ്റ്റാഫ് മീറ്റിംഗിൽ ചർച്ചചെയ്ത് എല്ലാ ഇടവകകളും ഈ അവ സരം പ്രയോജനപ്പെടുത്തുമല്ലോ. തയ്യാറാക്കിയ Power Point - കൾ ഏപ്രിൽ 30-നകം ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 12. ഡിപ്ലോമ പരീക്ഷാഫലം

XII-ാം ക്ലാസ്സിലെ കുട്ടികളുടെ ഡിപ്ലോമ പരീക്ഷാഫലം മാർച്ച് 3-ന് അതിരൂപത മതബോധന കമ്മിറ്റിയിൽവെച്ച് മാർ ജോർജ് ഞറളക്കാട്ട് പിതാവ് പ്രഖ്യാപിച്ചു. പരീക്ഷാഫലം അറിയുവാനായി www.catechismthalassery.org എന്ന വെബ്സൈറ്റിൽ ഹെഡ്മാസ്റ്റർമാർക്ക് നല്കിയിരിക്കുന്ന user name & password ഉപയോഗിച്ച് ലോഗിൻ ചെയ്യുക. വെബ്സൈറ്റ് വഴി ലഭിക്കുന്ന മാർക്ക്ലിസ്റ്റ് ബഹു. വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററിന്റെയും ഒപ്പോടുകൂടി പരസ്യപ്പെടുത്തേണ്ടതാണ്.

ഡിപ്ലോമ പരീക്ഷയിൽ ജയിക്കണമെങ്കിൽ ഒന്നാം ഗ്രൂപ്പിൽ **24** മാർക്കും രണ്ടാം ഗ്രൂപ്പിൽ **6** മാർക്കും മൂന്നാം ഗ്രൂപ്പിൽ **10** മാർക്കും ലഭിക്കണം (മൊത്തം 40 മാർക്ക്). മൂല്യനിർണ്ണയം സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടിയ അപേക്ഷ ഓഫീസിൽ ഏപ്രിൽ 30-നു മുമ്പ് എത്തിക്കേണ്ടതാണ്. കൂടാതെ 100 രൂപ ഫീസും അടക്കേണ്ടതാണ്. ഡിപ്ലോമ സർട്ടിഫിക്കറ്റ്/കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ ഹെഡ്മാസ്റ്റേഴ്സ്

കോൺഫറൻസിൽ വിതരണം ചെയ്യുന്നതാണ്. കുട്ടികളുടെ പേര് വിവരങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ ഏപ്രിൽ 30-നുള്ളിൽ ഓഫീസിലറിയിച്ച് തിരുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ വിതരണത്തിനുശേഷം വരുന്ന തിരുത്തലുകൾക്കും പുതിയ സർട്ടിഫിക്കറ്റിനും 50 രൂപ ഓഫീ സിൽ അടക്കേണ്ടതാണ്.

2018-2019 അധ്യയനവർഷത്തിലെ XII-ാം ക്ലാസിലെ ഡിപ്ലോമ പരീക്ഷാഫലം താഴെ ചേർക്കുന്നു.

**അതിരൂപതാ റാങ്ക് ലിസ്റ്റ്**

| | | | |
|---|---|---|---|
| 1. | അലീഷ റോസ് ഞവരക്കാട്ട് | കാഞ്ഞിരക്കൊല്ലി | ഒന്നാം റാങ്ക് |
| 2. | ജോസഫ് പെരുമ്പ്രായിൽ | കണ്ണൂർ | രണ്ടാം റാങ്ക് |
| 3. | എൽന കെയ്റ്റ് മുതിരക്കാലായിൽ | പൈസക്കരി | മൂന്നാം റാങ്ക് |

| | ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|---|
| 1. | എലിസബത്ത് പുലയൻപറമ്പിൽ | പരപ്പ | ആലക്കോട് |
| 2. | ആൻമരിയ വാലിയിൽപുത്തൻപുരയിൽ | ശ്രീകണ്ഠാപുരം | ചെമ്പന്തൊട്ടി |
| 3. | മരിയ കുന്നത്ത് | രത്നഗിരി | ചെമ്പേരി |
| 4. | മരിയ കല്ലൂർക്കുളം | അരവൻചാൽ | ചെറുപുഴ |
| 5. | ട്രീസ പുളിയ്ക്കൽ | ചെടിക്കുളം | എടൂർ |
| 6. | സെലിൻ മങ്ങാംകുഴിയിൽ | ഉദയപുരം | കാഞ്ഞങ്ങാട് |
| 7. | തെരേസ് ആലപ്പാട്ട് | അങ്ങാടിക്കടവ് | കുന്നോത്ത് |
| 8. | അൽഫോൻസ ചിറമുഖത്ത് | പെരുമ്പടവ് | മേരിഗിരി |
| 9. | ത്രേസ്യാമ്മ ചെട്ടിയാംകുന്നേൽ | മാട്ടറ | നെല്ലിക്കാംപൊയിൽ |
| 10. | എലിസബത്ത് അറയ്ക്കൽ | ജോസ്മൗണ്ട് | പൈസക്കരി |
| 11. | എലിസബത്ത് വാളിയിൽ | മേരിപുരം | പനത്തടി |
| 12. | മരിയ കുന്നേൽ | പേരാവൂർ | പേരാവൂർ |
| 13. | ആൻസ് മുപ്രാപ്പള്ളിൽ | മേലെചൊവ്വ | തളിപ്പറമ്പ് |
| 14. | എലിസബത്ത് അർത്തിയിൽ | തോമാപുരം | തോമാപുരം |
| 15. | തെരേസ് മുണ്ടയ്ക്കതറപ്പേൽ | വെള്ളാട് | വായാട്ടുപറമ്പ് |
| 16. | കൊച്ചുതെരേസ അറയ്ക്കൽ | ചുള്ളി | വെള്ളരിക്കുണ്ട് |

## 13. അതിരൂപതാ മതബോധന കമ്മിറ്റി

2019-2020 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സാന്നിദ്ധ്യത്തിൽ 2020 മാർച്ച് 3-ാം തീയതി ചൊവ്വാഴ്ച സന്ദേശഭവനിൽ വച്ച് ചേർന്നു. അതിരൂപത മതബോധന കമ്മിറ്റിയിലെടുത്ത തീരുമാനങ്ങൾ

1. 5 ദിവസങ്ങളിലായി നടത്തുന്ന വിശ്വാസോത്സവത്തിന്റെ സമയക്രമം എല്ലാ സൺഡേ സ്കൂളുകളും പാലിക്കുക. രാവിലെ 9 മണി മുതൽ വൈകു

ന്നേരം 3.45 വരെയായരിരക്കും വിശ്വസോത്സവം.

2. വിശ്വാസോത്സവ ദിവസങ്ങളിൽ 8 മുതൽ 11 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഒന്നര മണിക്കൂർ ദൈർഘ്യമുള്ള സെമിനാർ നടത്തണം (ആനുകാലിക വിഷയങ്ങൾ)
3. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി കബറിട തീർത്ഥാടനത്തിന് അതിരൂപതയിൽ പത്താം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന എല്ലാ കുട്ടികളും നിർബന്ധമായും പങ്കെടുക്കണം.
4. വിശ്വാസപരിശീലകരുടെ തുടർ പരിശീലനത്തിന്റെ ഭാഗമായി രണ്ട് ദിവസം നീണ്ടു നിൽക്കുന്ന ധ്യാനം എല്ലാ ഫൊറോനകളും സൗകര്യപ്രദമായ തീയതികളിൽ (ശനി, ഞായർ) ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തണം.
5. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ 198 ഇടവകകളിലും മാതാപിതാക്കൾക്കായി അർദ്ധദിന സെമിനാറുകൾ നടത്തുക.
6. ഭിന്നശേഷിയുള്ള കുട്ടികൾക്ക് വാചിക പരീക്ഷ (Oral Exam) നടത്തുക.
7. Scribe നെ വച്ച് പരീക്ഷ എഴുതാൻ സർക്കാർ തലത്തിൽ അനുവാദം ലഭിച്ചിട്ടുള്ള കുട്ടികൾക്ക് വിശ്വാസപരിശീലനകേന്ദ്രം നടത്തുന്ന പരീക്ഷകളും അപ്രകാരം എഴുതാൻ അനുവാദം നല്കുക.
8. എയ്ഞ്ചൽ നഴ്സറി ആരംഭിച്ചിട്ടില്ലാത്ത ഇടവകകൾ വരുന്ന അധ്യായന വർഷം തന്നെ ആരംഭിക്കണം.
9. പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കായി രണ്ട് ദിവസത്തെ ധ്യാനം എല്ലാ ഫൊറോനകളിലും നടത്തണം. താമസിച്ച് നടത്താൻ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ രാവിലെ മുതൽ വൈകുന്നേരം വരെ ഫൊറോന പള്ളിയിൽ വച്ച് രണ്ട് ദിവസത്തെ ധ്യാനം നടക്കണം.
10. ചോദ്യപേപ്പർ വിലയായി ഒരു കുട്ടി നല്കേണ്ടത് പത്ത് രൂപയായി നിശ്ചയിച്ചു.

## 14. ഹെഡ്മാസ്റ്റേഴ്സ് റീജിയണൽ സംഗമം..... നന്ദി

കാഞ്ഞങ്ങാട്, തോമാപുരം, ആലക്കോട്, ചെമ്പേരി, ഇരിട്ടി എന്നീ സ്ഥലങ്ങളിൽ വച്ച് പ്രധാനാധ്യാപകർക്കായി നടത്തിയ റീജിയണൽ സംഗമത്തിൽ 3 ഹെഡ്മാസ്റ്റർമാർ ഒഴികെ ബാക്കി എല്ലാവരും പങ്കെടുക്കുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും സ്നേഹപൂർവ്വം നന്ദി പറയുന്നു.

## 15. വിവിധ കുടിശികകൾ

2019-2020 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ എത്രയും പെട്ടെന്ന് അടച്ച് സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

**16. 2020 മതബോധന ഞായർ മെയ് 31**

2020–2021 അധ്യായന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് മെയ് 31 ഞായറാഴ്ചയായിരിക്കും.

**17. ദിയാക്കോണിയ**

ഏപ്രിൽ – മെയ് മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

◆ചെറുപുഷ്പ മിഷൻലീഗുമായി സഹകരിച്ച് കുട്ടികളെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ഒരു വാട്സാപ്പ് ഗ്രൂപ്പ് ഉണ്ടാക്കുന്നു ( ഒരു ദിവസം ഒരു ദൈവവചനം വീതം കുട്ടികൾക്ക് അയച്ചു കൊടുക്കുക, അതിരൂപതയിൽ നിന്നും മേഖലയിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങളും പഠനഭാഗങ്ങളും അയച്ചുകൊടുക്കുക). ◆ വിശുദ്ധരുടെ ജീവചരിത്രം ഓഡിയോ, വീഡിയോ രൂപത്തിൽ യൂറ്റ്യൂബ് ചാനൽ, വാട്സാപ്പ് വഴി പ്രചരിപ്പിക്കുക. ◆ബൈബിൾ പഠന ടെലികിസ്സ് നടത്തുക. ◆ മൊബൈൽ ഫോൺ, ഇന്റർനെറ്റ് ബോധവൽക്കരണ ക്ലാസ്സ്.

**18. ആദരാഞ്ജലികൾ**

റയറോം സൺഡേ സ്കൂൾ അധ്യാപകനായിരുന്ന ശ്രീ. മാത്യു വടശ്ശേരിൽ സാർ, മേരിപുരം സൺഡേ സ്കൂൾ പ്രധാനാധ്യാപകനായ ശ്രീ. കുര്യൻ മാന്തോട്ടത്തിൽ സാറിന്റെ മാതാവ് ശ്രീമതി മറിയക്കുട്ടി മാന്തോട്ടത്തിൽ, കാസർഗോഡ് സൺഡേ സ്കൂളിൽ പതിനൊന്നാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തിയിരുന്ന ജാസ്മിൻ സണ്ണി പനയോലിൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പരേതരുടെ കുടുംബാംഗങ്ങളെ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അനുശോചനം അറിയിക്കുന്നു.

**19. ഡയറക്ടറച്ചൻമാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ മുളപ്ര, കാർത്തികപുരം എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ കടുമേനി, കാര്യപള്ളി എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

| | |
|---|---|
| **ഫാ. ജോസഫ് വേങ്ങക്കുന്നേൽ** | **ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ** |
| അസി. ഡയറക്ടർ | ഡയറക്ടർ, 9447952958 |